**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4947** **11-08-2021 - ൽ മറുപടിയ്ക്ക്**

**പാരാ മെഡിക്കൽ സ്റ്റാഫുകളുടെ സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുകളുടെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ തയ്യാറാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | പരിഗണനയിലാണ്. |
| (ബി) | പാരാ മെഡിക്കൽ സ്റ്റാഫുകളുടെ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമോ; | (ബി) | പരിഗണനയിലാണ്. |
| (സി) | 2020 - 21 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി വിതരണം ചെയ്യേണ്ട മരുന്നുകൾ എല്ലാ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലും വിതരണം ചെയ്തിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ; | (സി) | 2020-21 സാമ്പത്തിക വർഷം വാർഷിക ഇൻഡന്റിന് അനുസൃതമായും ആശുപത്രികളിലെ നിലവിലെ സ്റ്റോക്കിന്റെ അടിസ്ഥാനത്തിലും എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നു വിതരണം നടത്തിയിട്ടുണ്ട്. മരുന്നു വിതരണം സംബന്ധിച്ച ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (In table format please see the attachment) |
| (ഡി) | പ്രസ്തുത കോർപ്പറേഷൻ വഴി മരുന്ന് വിതരണം കാര്യകക്ഷമമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; | (ഡി) | നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേനയുള്ള മരുന്നു വിതരണം കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. ആശുപത്രികളിൽ മരുന്നു വിതരണവുമായി ബന്ധപ്പെട്ട് അധിക ആവശ്യകത നേരിടുന്ന പക്ഷം, അവ സമയബന്ധിതമായി വിതരണം നടത്തുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുന്നതാണ്. |
| (ഇ) | കേരളത്തിലെ ഐ. ടി. ഐ. കളിലെ ഫാർമസിസ്റ്റ് തസ്തിക നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തിക പുനഃസ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഇ) | കേരളത്തിലെ ഐ.ടി.ഐ. കളിലെ ഫാർമസിസ്റ്റ് തസ്തികകൾ നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ ഐ.ടി.ഐ.കളിൽ പുന:സ്ഥാപിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ